കേരള സർക്കാർ

# കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.8)41/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :31.01.2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം :കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.-ഇകെഎം(പി.8)41/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :31.01.2017

## എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഡി. സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03-01-2017മുതൽ 10-01-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. മൈക്കിൾ കെ.എ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പ്രവീൺ വി.എൻ.,ഓഡിറ്റർ |
| | ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ടോമി ജോൺ | 01.04.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 | 18.11.2015 |
| | ആനീസ് ക്ലീറ്റസ് | 19.11.2015 | 31.03.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീമതി വൽസമ്മ ജോർജ്ജ് | 01.04.2015 | 21-07-2015 FN |

| | | | |
|---|---|---|---|
| | ശ്രീമതി വി.കെ.വൽസമ്മ | 21-07-2015 AN | 31-03-2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ബേബി പോൾ | 01.04.2015 | 21-07-2015 |
| | ശ്രീ. സി.വി.പൗലോസ് | 26-08-2015 | 31.03.2016 |
| കൃഷി ഓഫീസർ | ശ്രീമതി ശ്രീല ഗോവിന്ദൻ | 01.04.2015 | 31.03.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ,എസ്.ജി.ഡി | ശ്രീ. എം.എൻ.ഭാസി | 01.04.2015 | 31-01-2016 |
| | ശ്രീ. ബാലകൃഷ്ണൻ പി.കെ. | 01-02-.2016 | 31.03.2016 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ. സാലി കുര്യൻ | 01.04.2015 | 31-05-2015 |
| | ഡോ.അമർ ലാൽ | 01-06-2015 | 31-03-2016 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. മിനിമോൾ കെ.ആർ. | 1.04.2015 | 31.03.2016 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സുജിത്ത് പി. രാഘവൻ | 01.04.2015 | 31.03.2016 |
| വെറ്ററിനറി സർജൻ | ഡോ. വിക്ടോ ജൂബിൻ വർഗ്ഗീസ് | 01.04.2015 | 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മറ്റൂർ | മുഹമ്മദ് സാലിഹ് | 01.04.2015 | 31.03.2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | രാധ കെ.കെ. | 01.04.2015 | 31.03.2016 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്റ്റ് | 1-12 |
| | ഭാഗം 2 | |
| 13 | വരവിനങ്ങളിലെ നഷ്ടം | 2-1 |
| | ഭാഗം 3 | |

| | | |
|---|---|---|
| 14 | ഗുണഭോക്തൃ സമിതി നടപ്പാക്കിയ പ്രവൃത്തികൾ - അധികമായി തുക നൽകി- 59209 രൂപ നഷ്ടം | 3-1 |
| 15 | കൺവീനർ പ്രവൃത്തിക്ക് ലാഭവിഹിതം നൽകി.-1072 രൂപ നഷ്ടം | 3-2 |
| 16 | വാറ്റ് രേഖപ്പെടുത്താതെ ക്വട്ടേഷൻ സമർപ്പിച്ചതിലൂടെ സർക്കാരിന് നഷ്ടം 9,135/- രൂപ | 3-3 |
| 17 | വരുമാന പരിധി നോക്കാതെ വീട് മെയിന്റനെൻസിന് ആനുകൂല്യം നൽകി. | 3-4 |
| 18 | എസ്.സി യുവാക്കൾക്ക് ഓട്ടോറിക്ഷ നൽകൽ - അപാകതകൾ | 3-5 |
| 19 | ലീഗൽ ഫീസ് നൽകിയത്-വിശദവിവരങ്ങൾ ലഭ്യമല്ല | 3-6 |
| 20 | വാർദ്ധക്യ കാല പെൻഷൻ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 3-7 |
| 21 | ഡെപ്പോസിറ്റ് വർക്ക് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 3-8 |
| 22 | DSR പ്രകാരമുള്ള നിരക്കിനേക്കാൾ ഉയർന്ന നിരക്ക് നൽകി | 3-9 |
| | ഭാഗം 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം1 |
| 32 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം2 |
| 33 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം3 |
| 36 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

കല്ലൂർക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ബജറ്റ് 28.03.2015തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം | കുറവ് | ശതമാനം |
|---|---|---|---|---|
| മുന്നിരിപ്പ് | 26,54,685 | 1,01,17,242 | | |

| | | | | |
|---|---|---|---|---|
| വരവ് | 7,16,79,600 | 2,53,36,573 | 4,63,43,027 | 35.30 |
| ആകെ | 7,43,34,285 | 3,54,53,815 | | |
| ചെലവ് | 7,35,04,285 | 3,10,07,384 | 4,24,96,901 | 42.20 |
| വ്യത്യാസം | 8,30,000 | 44,46,431 | | |

വസ്തു നികുതി, തൊഴിൽ നികുതി, പരസ്യ നികുതി തുടങ്ങിയ ഇനങ്ങളിൽ പ്രതീക്ഷിച്ച വരവിനേക്കാൾ വളരെ കുറഞ്ഞ തുക മാത്രമാണ് പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. ബജറ്റ് കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും പ്രകാരം തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

കല്ലൂർക്കാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രിക 21.7.2016ൽ സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക 03-01-2017 ൽ പരിശോധിച്ച അപാകതകൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടില്ല . (ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,01,17,242 |
| വരവ് | 2,53,36,573 |
| ആകെ | 3,54,53,815 |
| ചെലവ് | 3,10,07,384 |
| നീക്കിയിരിപ്പ് | 44,46,431 |

വാർഷിക കണക്കുകൾ പ്രകാരം വസ്തു നികുതിയിനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശികയുൾപ്പെടെ 33,81,645 രൂപ പിരിച്ചെടുക്കുവാനുണ്ട്. പഞ്ചായത്തിന്റെ നികുതി തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി RP40 b പ്രകാരം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 289099 | 2194790 | 5114020 | 5114020 | 2630131 | 0 |
| വികസന ഫണ്ട് (SCP) | 223496 | 869290 | 1092786 | 1092786 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (TSP) | 50000 | 21000 | 71000 | 21000 | 50000<br>TC to General | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1808313 | 8299183 | 10107496 | 10107496 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 141688 | 2281591 | 2423279 | 2423279 | 0 | 0 |
| 13- ാം ധനകാര്യ കമ്മീഷൻ അവാർഡ് | 1321238 | 1440224 | 2761462 | 2761462 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 1716192 | | 1716192 | 1483137 | 0 | 0 |
| MGNREGS | 70609 | 4269772 | 6387851 | 4338763 | 1618 | 1618 |
| ബി ഫണ്ട് | 0 | 13355350 | 13355350 | 13355350 | 0 | 0 |

KLGSDP യിൽ 233055 രൂപ ചെലവഴിക്കാൻ ബാക്കിയുണ്ട്. എന്നാൽ നീക്കിയിരുപ്പിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല.

# 1-6 പദ്ധതി അവലോകനം.

കല്ലൂർക്കാട് ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 30090325 | 142 | 23385106 | 4 | 31 | 80 |

2015-16 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഏറ്റെടുത്ത പദ്ധതികൾ സാമാന്യം തൃപ്തികരമായ രീതിയിൽ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ട്. വി.ഇ.ഒ. മുഖേന നിർവ്വഹണം നടത്താൻ ആവിഷ്കരിക്കപ്പെട്ട അഞ്ച് പദ്ധതികളിൽ രണ്ടെണ്ണം മാത്രമാണ് പൂർണ്ണമായും നടപ്പാക്കിയത്. ഒരെണ്ണം ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. ജനോപകാരപ്രദമായ പദ്ധതികൾ നടപ്പാക്കപ്പെടാതെ പോകുന്നത് ഒഴിവാക്കാൻ നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 12.7 ശതമാനം കുറവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3169481 | 2416151 | 753330 | (-)23.70 |

| | | | | |
|---|---|---|---|---|
| നികുതിയേതരവരവുകൾ | 547192 | 826663 | 279471 | 51% |
| മറ്റുവരവുകൾ | 86574 | 77298 | 9276 | (-)10% |
| ആകെ | 3803247 | 3320112 | 483135 | 12.7% |

പഞ്ചായത്തിന്റെ സാമ്പത്തിക നില സുഭദ്രമായി നിലനിറുത്തുന്നതിന് വരവ് വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 65040 | 29 |
| കർഷകതൊഴിലാളി പെൻഷൻ | 1913040 | 189 |
| വിധവാപെൻഷൻ | 3032880 | 267 |
| വാർദ്ധക്യകാലപെൻഷൻ | 6292320 | 604 |
| വികലാംഗപെൻഷൻ | 1483030 | 134 |
| 50വയസ്സിന് മുകളിൽ പ്രായമായ അവിവാഹിതരായ വനിതകൾ ക്കുള്ള ധനസഹായം | 512320 | 44 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | -- | -- |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.01.2017ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,261 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

വാർഡ് തിരിച്ച് സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററുകൾ തയ്യാറാക്കി ധനകാര്യപത്രിക പ്രകാരമുള്ള വരവും രജിസ്റ്റർ പ്രകാരമുള്ള വരവും റീകൺസൈൽ ചെയ്ത് ഡി സി ബി തയ്യാറാക്കുന്നില്ല. നിക്ഷേപ രജിസ്റ്ററിൽ റീഫണ്ട് ചെയ്യുന്ന തുകകളുടെ വിശദവിവരം ചേർക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-12-2016 | 11/2016 | ലഭിച്ചിട്ടില്ല | -- |

| | | | | |
|---|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12-11-12 മുതൽ 27-11-12 വരെ | 2007-08 മുതൽ 2011-12 | 16-01-2013 | ഇല്ല |

## 1-12 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് സമയത്ത് ചൂണ്ടിക്കാണിച്ച വരവിനങ്ങിലെ കുറവ് താഴെ പറയും പ്രകാരം പിഴ പലിശസഹിതം ഈടാക്കി പരിഹരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | ആരിൽ നിന്നും ഈടാക്കി എന്ന് | രശീത് നമ്പർ | തീയതി | തുക |
|---|---|---|---|---|---|
| 1 | വസ്തു നികുതി | ശ്രീ.ജിസ്സ്ജോർജ്ജ് | 11603101909 | 09-01-17 | 378 |
| | | ശ്രീ. ജോസഫ് ഐപ്പ് | 11603101910 | 09-01-17 | 1302 |
| 2 | തൊഴിൽ നികുതി | ശ്രീമതിഷെർളിപി.എ. | 11603101906 | 09-01-17 | 150 |
| 3 | ഡി.ആന്റ്.ഒ. ലൈസൻസ് ഫീ | ശ്രീ. സോണി ജോൺ | 11603101905 | 07-01-17 | 225 |
| | | ശ്രീ. ചുമ്മാർ കെ.വി. | 11603101904 | 07-01-17 | 75 |
| | | ശ്രീ.സുരേഷ് കുമാർ ജെ. | 116031001903 | 07-01-17 | 187 |
| 4 | വാടക | ശ്രീ. ജയേഷ് കെ.കെ. | 11603101912 | 09-01-17 | 618 |
| | | ശ്രീ. പരമേശ്വരൻ കുഞ്ഞൻപിള്ള | 11603101911 | 09-01-17 | 556 |
| ആകെ | | | | | 3491 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവിനങ്ങളിലെ നഷ്ടം

വസ്തുനികുതി, തൊഴിൽ നികുതി, വാടക, ഡി & ഒ ലൈസൻസ് എന്നീ ഇനങ്ങളിൽ തൻവർഷം പഞ്ചായത്തിനുണ്ടായ നഷ്ടം ഓഡിറ്റിൽ ചൂണ്ടികാണിച്ചതിനെ തുടർന്ന് തിരികെ ഈടാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ ഖണ്ഡിക 1-12 ഓഡിറ്റ് ഇംപാക്ടിൽ ചേർത്തിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ സമിതി നടപ്പാക്കിയ പ്രവൃത്തികൾ - അധികമായി തുക നൽകി- 59209 നഷ്ടം

താഴെപ്പറയുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃസമിതി കൺവീനർ പഞ്ചായത്തുമായി ഏർപ്പെട്ട കരാറിലെ 10-ാം വ്യവസ്ഥയിൽ എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകളും കരാർ ഉടമ്പടിയിലെ നിരക്കുകളും അടിസ്ഥാനപ്പെടുത്തി തയ്യാറാക്കുന്ന ബിൽ തുകയോ യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ, ഏതാണോ കുറവ് , അതായിരിക്കും പഞ്ചായത്ത് കൺവീനർക്ക് നൽകുന്ന ഫൈനൽ ബിൽ തുക എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച്, ഗുണഭോക്തൃസമിതി അംഗീകരിച്ച വരവ്

ചെലവ് കണക്കുകൾ പ്രകാരമുള്ള ചെലവ് തുകയാണ് ഈ പ്രവൃത്തികളുടെ കുറവ് ചെലവ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഗുണഭോക്തൃ സമിതി പാസ്സാക്കിയ വരവ് ചെലവ് കണക്കുകളിൽ ഉൾപ്പെട്ട ചെലവിനേക്കാൾ കൂടുതൽ ചെലവ് കാണിച്ച് കൺവീനർമാർക്ക് തുക നൽകിയിട്ടുണ്ട്.

.

| ക്രമ നം. | പ്രോജക്ട് നം | പ്രവൃത്തിയുടെ പേര്/ കൺവീനർ | കണക്കുകൾ പ്രകാരം ചെലവ് | വാറ്റ്+ ക്ഷേമനിധി വിഹിതം | ആകെ | അനുവദിച്ച പ്രവൃത്തി മൂല്യം | വാറ്റ്+ ക്ഷേമനിധി വിഹിതം | ആകെ/ ട്രഷറി ബിൽ നം. | അധികം നൽകിയത് |
|---|---|---|---|---|---|---|---|---|---|
| 1 | 87/ 16 | തൃപ്തി റോഡ് കോൺക്രീറ്റിംഗ് : സാജു പോൾ | 108705 | 6522 | 115227 | 140980 | 8459 | 149439 23/15-16 19-10-15 | 34212 |
| 2 | 26/ 16 | മലയാറ്റി കോളനി നടപ്പാത കോൺക്രീറ്റിംഗ് : ജിജി അറയ്ക്കൽ | 205058 | 12303 | 217361 | 210289 | 12617 | 222906 23/15-16 19-10-15 | 5545 |
| 3 | 23/ 16 | മലയാറ്റി കോളനി റോഡ് സൈഡ് കെട്ട് :ജോർജ്ജ് വർഗ്ഗീസ് | 118030 | 7082 | 125112 | 136381 | 8183 | 144564 42/15-16 19.1.16 | 19452 |
| | | | | | | | | ആകെ | 59209 |

ഇത് സംബന്ധിച്ച് നൽകിയ രണ്ട് ഓഡിറ്റ് എൻക്വയറികൾക്കും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ അധികം നൽകിയ 59209 രൂപ അതാത് കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 3-2 കൺവീനർ പ്രവൃത്തിക്ക് ലാഭം വിഹിതം നൽകി 1072 രൂപ നഷ്ടം

| | |
|---|---|
| പ്രോജക്ട് നമ്പർ | 52/16 |
| പ്രോജക്ടിന്റെ പേര് | മണിയന്ത്ര തോണിക്കുഴി റോഡ് സൈഡ് കെട്ട് |
| അടങ്കൽ | 1,75,000 രൂപ |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കൺവീനർ | ശ്രീ. കെ.ഐ.നാരായണൻ, ഊന്നുങ്കൽ |

| | |
|---|---|
| അളവ് പുസ്തകം | 59/15-16 |
| ഭരണാനുമതി | പഞ്ചായത്ത് കമ്മിറ്റിയുടെ 09-03-2015 ലെ 2-ാം നമ്പർ തീരുമാനം |
| സാങ്കേതികാനുമതി | No.175/AEE/LSGD/BP-MVP/15-16 dt.22-06-15 |
| കരാർ നമ്പർ | 22/AE/LSGD/KLKD/15-16 Dt. 26-08-2015 |
| ട്രഷറി ബിൽ നം | 73/15-16 തീയതി 21-03-2016 |

ഈ പ്രവൃത്തിയുടെ 3-ാം ഇനമായി ചെയ്തിട്ടുള്ളത് 1.020 എം.3 അളവിൽ 1:2:4 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗാണ്. DSR 2014 കോഡ് 4.1.3 പ്രകാരം ഇതിന് അനുവദനീയമായ നിരക്ക് എം.3 ന് രൂ. 6609.50 ആണ് (കരാറുകാരന്റെ ലാഭം ഒഴിവാക്കിയുള്ളത്). എന്നാൽ കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും ഉൾപ്പെടുത്തിയ രൂ. 7600.89/എം3 നിരക്കിൽ ഈ പ്രവൃത്തിക്ക് 7753 രൂപയാണ് കൺവീനർക്ക് നൽകിയിട്ടുള്ളത്. യഥാർത്ഥത്തിൽ അനുവദനീയമായ രൂ. 6609.50/എം 3 നിരക്കിൽ 6742 രൂപ നൽകേണ്ടതിന് പകരം 7753 രൂപ നൽകിയതിനാൽ 1011 രൂപ കൺവീനർക്ക് അധികം നൽകാൻ ഇടയായിട്ടുണ്ട്. ഇതിന്മേൽ വാറ്റ് ഇനത്തിൽ 5% തുകയും ക്ഷേമനിധി വിഹിതമായി 1% തുകയും കൂട്ടിയിട്ടുള്ളതിനാൽ ആകെ 1072 രൂപ പഞ്ചായത്തിന് നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്.
അധികം നൽകിയ 1072 രൂപ കൺവീനറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 വാറ്റ് രേഖപ്പെടുത്താതെ ക്വട്ടേഷൻ സമർപ്പിച്ചതിലൂടെ സർക്കാരിന് നഷ്ടം **9,135/-** രൂപ

| | |
|---|---|
| പ്രോജക്ട് | പഞ്ചായത്ത് ഓഫീസിലേക്ക് ഇൻവർട്ടർ വാങ്ങൽ |
| പ്രോജക്ട് നം. | S0108/16 |
| അടങ്കൽ | 63,000/- |
| ചെലവ് | 63,000/- |
| ട്രഷറി ബിൽ നം. | 30/15-16, 19.3.2016 |
| ഡി.ഡി. നം. | 620507/19.03.2016 |
| നിർവ്വഹണം | സെക്രട്ടറി |

പഞ്ചായത്ത് ഓഫീസിലേക്ക് ഇൻവർട്ടർ വാങ്ങൽ പദ്ധതിക്ക് ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ വില രേഖപ്പെടുത്തിയ സ്കിൽടെക്ക് പവർ കൺട്രോൾസ്, ജാസ് കോംപ്ലക്സ്, പി.ഒ ജംഗ്ഷൻ, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷനിൽ സാധനങ്ങളുടെ ഇനം തിരിച്ചുള്ള വില, വാറ്റ് എന്നിവ രേഖപ്പെടുത്താതെ ആകെ തുക മാത്രമാണ് നൽകിയിട്ടുള്ളത്. സെക്രട്ടറിയുടെ 25.8.2015 ലെ സി2-266/2015 നമ്പർ പ്രകാരം ഈ സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകുകയും 25.09.2015 ലെ ബിൽ നം. 172 പ്രകാരം 3-കെ.വി.എ യു.പി.എസും അനുബന്ധ സാധനങ്ങളും അവർ സപ്ലൈ ചെയ്യുകയും ചെയ്തു. ഈ ബില്ലിൽ വാറ്റ് രേഖപ്പെടുത്താതെ ആകെ തുകയായ 63,000/- മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രോക്യൂർ മാന്വൽ പ്രകാരം ക്വട്ടേഷൻ സമർപ്പിക്കുന്നവർ നികുതികൾ പ്രത്യേകമായി കാണിച്ചിരിക്കണമെന്നും അല്ലാത്ത

പക്ഷം നികുതി ഉൾപ്പെട്ട നിരക്കാണ് ക്വട്ടേഷനിൽ പറഞ്ഞിട്ടുള്ളത് എന്ന് കണക്കാക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള വാറ്റ് നിയമം 2005 പ്രകാരം യു.പി.എസിനും അനുബന്ധ സാധനങ്ങൾക്കും 14.5 % വാറ്റ് ബാധകമാണ്. പ്രസ്തുത സ്ഥാപനം സമർപ്പിച്ച 63,000/- രൂപയുടെ ബില്ലിൽ 14.5 % വാറ്റ് രേഖപ്പെടുത്താതുമൂലം വാറ്റിനത്തിൽ സർക്കാരിന് 9,135/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ഈടാക്കി വാണിജ്യ നികുതി വകുപ്പിൽ അടയ്ക്കേണ്ടതാണ്.

## 3-4 വരുമാന പരിധി നോക്കാതെ വീട് അറ്റകുറ്റപ്പണിക്ക് ആനുകൂല്യം നൽകുന്നു.

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ എസ്.0071/16 പ്രകാരം നടപ്പാക്കിയ വീട് മെയിൻറനൻസ് (ജനറൽ), എന്ന പ്രൊജക്ടിൽ എ.പി.എൽ. വിഭാഗത്തിൽ പെട്ട ശ്രീ. ഷിബു തോമസ്, കുഴികണ്ടത്തിൽ എന്ന വ്യക്തിയ്ക്ക് 25000/- രൂപ 18-03-16 ലെ ഡിഡി നമ്പർ 620366 പ്രകാരം കൊടുത്തിരിക്കുന്നു. അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള വരുമാന സർട്ടിഫിക്കറ്റ് പ്രകാരം 60,000 രൂപയാണ് അദ്ദേഹത്തിന്റെ കുടുംബ വാർഷിക വരുമാനം. (കല്ലൂർക്കാട് വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് നം. 15504046/16.12.15). ബി.പി.എൽ.വിഭാഗക്കാർക്കായി തയ്യാറാക്കിയ ഈ പദ്ധതിയുടെ പ്രയോജനം വരുമാന പരിധിക്ക് മുകളിലുള്ള ഒരു വ്യക്തിക്ക് നൽകാനിടയായത് സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ 04-01-17 ലെ 3-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വി.ഇ.ഒ. ലഭ്യമാക്കിയ മറുപടിയിൽ വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ അപേക്ഷ ആദ്യം നിരസിച്ചതാണെന്നും വീണ്ടും അപേക്ഷിച്ചതിനാൽ സ്ഥലപരിശോധന നടത്തിയതിൽ 30 വർഷം പഴക്കമുള്ള ഓട്ട മേഞ്ഞവീട് പൊട്ടിപൊളിഞ്ഞ നിലയിൽ കാണുകയും അർഹത ബോധ്യപ്പെട്ടതിനാൽ ധനസഹായം അനുവദിക്കുകയാണ് ചെയ്തത് എന്നും മറുപടി നൽകിയിട്ടുണ്ട്. ഭാവിയിൽ വരുമാന പരിധിക്ക് പുറത്തുള്ള അപേക്ഷകർക്ക് ധനസഹായം നൽകാൻ ഇടയാക്കാതെ നോക്കേണ്ടതാണ്.

## 3-5 എസ്.സി യുവാക്കൾക്ക് ഓട്ടോറിക്ഷ നൽകൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് | എസ്.സി യുവാക്കൾക്ക് ഓട്ടോറിക്ഷ നൽകൽ |
| പ്രോജക്ട് നം. | S0075/16 |
| അടങ്കൽ | 2,50,000/- |
| ചെലവ് | 2,50,000/- |
| ബിൽ നം., തീയതി | 1/2015-16, 28.10.15 |
| ഡി.ഡി. നം. | 52880/28.10.2015 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

എസ്.സി യുവാക്കൾക്ക് ഓട്ടോറിക്ഷ നൽകൽ പദ്ധതി പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താവിന് സബ്സിഡി നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പേര് | വാർഡ് നം. റേഷൻ കാർഡ് നം. | കുടുംബത്തിലെ അംഗം/ തൊഴിൽ | അനുവദിച്ച സബ്സിഡി തുക |
|---|---|---|---|---|
| 1 | ജിന കെ.കെ, കാവനാക്കുഴിയിൽ വീട്, കല്ലൂർ പി.ഒ | IV 1740053980 | മാധവി കെ.വി ഗവൺമെന്റ് ജീവനം | 50,000/- |

പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബി.പി.എൽ കുടുംബത്തിലുള്ള ഗുണഭോക്താക്കളെയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 12-ാം പഞ്ചവത്സര പദ്ധതി (2012-17) സബ്സിഡിയും അനുബന്ധ വിഷയവും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ അനുബന്ധം 16 ൽ 2.14 ൽ സർക്കാർ ജീവനക്കാർ 50,000/- രൂപയിൽ കുറവ് വരുമാനം ഉള്ളവരായി കണക്കാവുന്നതല്ല എന്ന് വ്യക്തമാക്കുന്നുണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തി ഉൾപ്പെട്ടിട്ടുള്ള റേഷൻ കാർഡ് എ.പി.എൽ വിഭാഗത്തിലുള്ളതാണ്. എ.പി.എൽ വിഭാഗത്തിലുള്ള പ്രസ്തുത വ്യക്തിക്ക് ധനസഹായം നൽകിയിതിന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചത് വാർഷിക വരുമാനം 24,000/- രൂപ രേഖപ്പെടുത്തിയ വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് എന്നാണ്. പ്രസ്തുത വ്യക്തിയുടെ കുടുംബത്തിന്റെ റേഷൻ കാർഡിൽ ഒരു അംഗത്തിന്റെ തൊഴിൽ ഗവൺമെന്റ് ജീവനമായി രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ട് പ്രസ്തുത ആവശ്യത്തിനായി വില്ലേജ് ഓഫീസർ നൽകിയ വരുമാന സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുന്നതിനായി ഭരണതല അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## 3-6 ലീഗൽ ഫീസ് നൽകിയത്-വിശദവിവരങ്ങൾ ലഭ്യമല്ല

ശ്രീ. രാജൻ കെ.കെ, കുന്നത്തുപറമ്പിൽ, നീരമ്പുഴ, കല്ലൂർക്കാട് പി.ഒ എന്ന വ്യക്തി പഞ്ചായത്തിനെതിരെ മൂവാറ്റുപുഴ സബ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ് നം. 86/2011 കേസുമായി ബന്ധപ്പെട്ട് ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനായി അഡ്വക്കേറ്റ് ശ്രീ. പോൾ കെ. വർഗ്ഗീസിന് കോടതി ഫീസ് ഇനത്തിൽ തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നം., തീയതി | തുക |
|---|---|---|
| 1 | 21500437/ 9.10.15 | 16,250 |
| 2 | 21500607/ 7.12.15 | 12,200 |
| | ആകെ | 28,450 |

ഒരു കീഴ് കോടതി വിധിക്കെതിരെ മേൽ കോടതിയിൽ അപ്പീൽ കേസ് നടത്തുന്നതിന്, കേസൊന്നിന് 2000 രൂപയിൽ കവിയാതെ പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് നൽകാൻ 2003-ലെ കേരള പഞ്ചായത്ത് രാജ് (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങളിൽ ചട്ടം 5 (v) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ജില്ലാ കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതുമായി ബന്ധപ്പെട്ട് അഡ്വക്കേറ്റ് ശ്രീ. പോൾ കെ. വർഗ്ഗീസിന് 28,450/- രൂപ നൽകിയിട്ടുണ്ട്. ആയതിന്റെ രസീതുകളുടെ പകർപ്പും ചെലവുകളുടെ വിവരങ്ങളും ബന്ധപ്പെട്ട രേഖകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഇവ ഹാജരാക്കാൻ നൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-7 വാർദ്ധക്യ കാല പെൻഷൻ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

ദേശീയ വാർദ്ധക്യ കാല പെൻഷൻ പദ്ധതി പ്രകാരം 100000/- രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനവും 60 വയസ്സിനു മുകളിൽ പ്രായവുമുള്ള ആളുകൾക്കാണ് പെൻഷൻ അനുവദിയ്ക്കാവുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 12-ാം പഞ്ചവത്സര പദ്ധതി (2012-17) സബ്സിഡിയും അനുബന്ധ വിഷയവും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ അനുബന്ധം 16 ൽ 2.14 ൽ സർക്കാർ ജീവനക്കാർ, വിദേശങ്ങളിൽ ജോലി ചെയ്യുന്നവർ എന്നിവരെ 50,000/- രൂപയിൽ കുറവ് വരുമാനം ഉള്ളവരായി കണക്കാവുന്നതല്ല എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ താഴെ പറയുന്ന വ്യക്തികൾക്ക് വരുമാനം കണക്കാക്കിയതിൽ അപാകത കണ്ടെത്താൻ കഴിഞ്ഞു.

| ക്രമ. നം. | പേര് | റേഷൻ കാർഡ് നം. | അപാകതകൾ |
|---|---|---|---|
| 1 | ജോസ് ചാക്കോ, വാളിയാംപ്ലാക്കൽ വെള്ളാരംകല്ല് | 1740053725 | മകൻ അലക്സും ഭാര്യയും വിദേശത്ത് ജോലിക്കാർ |
| 2 | ജോസഫ് കെ.സി. കളപ്പുരയ്ക്കൽ വീട് തഴവാംകുന്ന് | 1740055255 | വരുമാനസർട്ടിഫിക്കറ്റ് ഈ ആവശ്യത്തിനായി തിരുത്തി വരുമാനം കുറച്ച് നല്കിയിട്ടുണ്ട്. |

സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് അർഹത നിർണ്ണയിച്ചുകൊണ്ട് സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-8 ഡെപ്പോസിറ്റ് വർക്ക്-വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളിൽ ഓഡിറ്റ് വർഷത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, മൂവാറ്റുപുഴയ്ക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയും പ്രകാരം 696582 രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | നിർവഹണ ഏജൻസി | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ട്രഷറി/ ഡി.ഡി/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ആകെ |
|---|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്. ജി.ഡി, | എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്. ഡിവിഷൻ, കേരള വാട്ടർ അഥോറിറ്റി, മൂവാറ്റുപുഴ | 193/16 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ മാറ്റൽ | 74/15-16 21-03-16 | 599582 | 599582 |
| സെക്രട്ടറി | | 116/16 | പൊതു ടാപ്പ് കട്ട് ചെയ്യൽ | 52730/ 31.3.16 | 48000 | 97000 |

| | | | | |
|---|---|---|---|---|
| | | 52727/ 01-07-15 | 49000 | |
| | ആകെ | | | 696582 |

മേൽപ്പറഞ്ഞ പ്രകാരം നൽകിയ മുൻകൂർ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ഡി.എസ്.ആർ. പ്രകാരമല്ല നിരക്കിനേക്കാൾ ഉയർന്ന നിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 174/16 |
| പ്രോജക്ടിന്റെ പേര് | കളങ്ങാട്ടുകര അങ്കണവാടി പുനരുദ്ധാരണം |
| അടങ്കൽ | 1,50,000 രൂപ |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കൺവീനർ | ശ്രീ. ജോർജ്ജ് കെ.ജെ. |
| അളവ് പുസ്തകം | 66/15-16 |
| ഭരണാനുമതി | പഞ്ചായത്ത് കമ്മിറ്റിയുടെ 09-03-2015 ലെ 2-ാം നമ്പർ തീരുമാനം |
| സാങ്കേതികാനുമതി | No. 296/AEE/LSGD/BP-MVP/15-16 23-06-2015 |
| കരാർ നമ്പർ | 66/AE/LSGD/KLKD/15-16 Dt. 14-09-2015 |
| ചെലവ് വിവരം | ട്രഷറി ബിൽ 67/15-16 തീയതി 15-3-16 രൂ.150000 |

DSR 2014 പ്രകാരം എറണാകുളം ജില്ലയുടെ കോസ്റ്റ് ഇൻഡക്സ് ആയ 1.3905 ഉൾപ്പെടുത്തി കരാറുകാരന്റെ ലാഭം കൂടാതെയുള്ള നിരക്ക് കണക്കിലെടുത്താണ് ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഈ നിരക്കിൽ നിന്നും വ്യത്യാസപ്പെട്ട നിരക്കാണ് യഥാർത്ഥത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദവിവരം താഴെ പറയുന്നു.

| ക്രമ നം | കോഡ് | ഇനം | DSR പ്രകാര മുള്ള നിരക്ക് | ചെയ്ത അളവ് | അനുവദ നീയമായ തുക | അനുവദിച്ച നിരക്ക് | തുക | വ്യത്യാസം |
|---|---|---|---|---|---|---|---|---|
| 1 | 10.16.1 | Steel work in built up tubular trusses | 102.90 /kg | 692.10 kg | 71217 | 124.55 /kg | 86201 | 14984 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | etc..(Hot finished welded types tubes kg 102.90 | | | | | | |
| 2 | 12.50 | Providing & Fixing precast galvanised iron profiles | 622/ m2 | 70 m2 | 43540 | 790/ m2 | 55300 | 11760 |
| ആകെ | | | | | | | | 26744 |

മേൽപ്പറഞ്ഞ പ്രകാരം നിരക്കുകളിൽ വ്യത്യാസം വന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ 26,744/- രൂപ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് താഴെ പറയും പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ/ ബിൽ / ചെക്ക് നം. | മുൻകൂർ നൽകി യ തുക | ചെല വഴിച്ച തുക | പൂർത്തീക രിച്ചതിന്റെ വിവരം | ചെലവ ഴിക്കാൻ ബാക്കി |
|---|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ മാറ്റൽ | 74/15-16 21-03-16 | 599582 | ഇല്ല | ഇല്ല | 599582 |
| 2 | കേരള വാട്ടർ അതോറിറ്റി | പൊതു ടാപ്പ് കട്ട് ചെയ്യൽ | 527030/ 1.7.15 52727/ 1.7.15 | 97000 | ഇല്ല | ഇല്ല | 97000 |
| ആകെ | | | | | | | 696582 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ഇല്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ.(സാ.ധാ) 564/2010/ ത.സ്വ.ഭ.വ /22.2.2010 | 79,27,500 | 34,63,750 | 10,85,500 | - | 23,78,250 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 54032 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 3-4 | 10000 | സുകുമാരൻ | 11503101218/15-12-15 |
| 2009-10 | 2-1 | 8040 | ജോർജ്ജ് വർഗ്ഗീസ് | 11503101428/25-01-16 |
| 2011-12 | 2-2 | 12984 | | 11403100689/12-03-15 |
| 2012-13 2013-14 | 3-3 | 3081 | ജോസഫ് ലൂക്ക | 11503101238/16-12-15 |
| | | 1032 | ജോർജ്ജ് ജോസഫ് | 11503101237/16-12-15 |
| | | 2500 | രാജൻ ചെമ്പനാമാലയിൽ | 11503101236/16-12-15 |
| | | 1039 | വൽസല ജോർജ്ജ് | 11503101235/16-12-15 |
| | | 3534 | ഹരീഷ് പി.എസ്. | 11503101234/16-12-15 |
| | | 2285 | സാബു മാധവൻ | 11503101233/16-12-15 |
| | | 830 | ബിനോയ് പി.ടി. | 11503101353/12-01-16 |

| | | | | |
|---|---|---|---|---|
| | 3-4 | 5261 | ഭാസി എം.എൻ., അസി.എഞ്ചിനീയർ | 11503101553/06-02-16 |
| | 3-5 | 3446 | ഭാസി എം.എൻ., അസി.എഞ്ചിനീയർ | 11503101557/06-02-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പുൾപ്പെടെ) | 3,54,53,815 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,10,07,384 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 60,281 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,51,776 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 59209 | ശ്രീ. എം.എൻ.ഭാസി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 1072 | ശ്രീ. എം.എൻ.ഭാസി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 60281 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 28450 | ശ്രീമതി വി.കെ.വൽസമ്മ, സെക്രട്ടറി |
| 3-8 | 696582 | 49000/- ശ്രീമതി വൽസമ്മ ജോർജ്ജ്, സെക്രട്ടറി |

| | | |
|---|---|---|
| | | 48000/- ശ്രീമതി വി.കെ.വൽസമ്മ,സെക്രട്ടറി, കാലടി 599582/- ശ്രീ. പി.കെ.ബാലകൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | 26744 | ശ്രീ. പി.കെ.ബാലകൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| 3-3 | 9135 | ശ്രീമതി വി.കെ.വൽസമ്മ, സെക്രട്ടറി |
| ആകെ | 9135 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. വി.കെ.വൽസമ്മ, സെക്രട്ടറി | സെക്രട്ടറി, കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത് | നടയ്ക്കനാൽ വീട്, മുളപ്പുറം പി.ഒ., കരിമണ്ണൂർ |
| ശ്രീമതി. വൽസമ്മ ജോർജ്ജ് സെക്രട്ടറി | സെക്രട്ടറി, തിരുവാണിയൂർ ഗ്രാമ പഞ്ചായത്ത് | ചാമപ്പറമ്പിൽ, കാക്കനാട് |
| ശ്രീ. എം.എൻ.ഭാസി, അസിസ്റ്റന്റ് എഞ്ചിനീയർ, | റിട്ടയേർഡ് | മുകളത്ത് വീട്, രാമല്ലൂർ, കോതമംഗലം |
| ശ്രീ.ബാലകൃഷ്ണൻ പി.കെ., അസിസ്റ്റന്റ് എഞ്ചിനീയർ, | അസിസ്റ്റന്റ് എഞ്ചിനീയർ, ആവോലി/ആയവന ഗ്രാമ പഞ്ചായത്ത് | ലഭ്യമല്ല |
| ശ്രീ. മുഹമ്മദ് സാലിഹ് | വി.ഇ.ഒ., കല്ലൂർക്കാട് | തെക്കേടത്ത് വീട്, മാർക്കറ്റ് പി.ഒ.,മൂവാറ്റുപുഴ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97- | LFE(P5)-769/07/13-08-2009 |
| 1997-98 | LFE(P5)-84/03/5-11-2003 |

| | |
|---|---|
| 1998-99 | LFE(P5)-379/07/26-04-2008 |
| 1999-00 | LFE(P5)-856/01/7-06-2002 |
| 2000-01 | LFE(P5)-962/05/5-04-2006 |
| 2001-02 | LFE(P5)-1380/07/26-07-2008 |
| 2002-03 | LFE(P5)-742/10/14-07-2011 |
| 2003-04 | LFE(P5)-743/10/14-07-2011 |
| 2004-05 | LFE(P5)-744/10/14-07-2011 |
| 2005-06 | LFE(P5)-32/12/07-02-2012 |
| 2006-07 | LFE(P5)-33/12/07-02-2012 |
| 2007-08 | LFE(P5)-1628/08/12-08-2009 |
| 2008-09 | LFE(P5)-34/12/07-02-2012 |
| 2009-10 | LFE(P5)-1065/13/27-7-2013 |
| 2010-11 | LFE(P8)-1944/13/07-12-2013 |
| 2011-12 | LFE(P8)-1944/13/07-12-2013 |
| 2012-13 | LFE(P8)-508/15/01-06-2015 |
| 2013-14 | LFE(P8)-508/15/01-06-2015 |
| 2014-15 | KSA/EKM(P8) 1261/2016 Dt. 03-08-2016 |

.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16

നം.കെ.എസ്.എ.-ഇകെഎം(പി.8)41/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :31.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ്

കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

## AUDIT CERTIFICATE

No.K.S.A.-EKM(P8)41/2017

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 31.01.2017

Certified that I have audited the Annual Financial Statement of Kalloorkad Grama Panchayath in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kalloorkad Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)